# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 429

02.12.2014 ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്കിന്റെ സഞ്ചിത നഷ്ടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. കെ.കെ. നാരായണൻ<br>ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ.കെ.വി. അബ്ദുൽ ഖാദർ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ). സംസ്ഥാന സഹകരണ ബാങ്കിന്റെ സഞ്ചിത നഷ്ടം ക്രമാതീതമായി വർദ്ധിച്ചതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത്തരത്തിൽ വൻവർദ്ധനയുണ്ടായതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (ബി) സംസ്ഥാന ബാങ്കിന്റെ അറ്റ നഷ്ടം 2013-14 ആഡിറ്റ് പ്രകാരം 40466.37 ലക്ഷവും NPA 24.74 ശതമാനവുമാണ്. കൂടാതെ സംസ്ഥാന സഹകരണ ബാങ്ക്, അപ്പക്സ് സഹകരണ സ്ഥാപനങ്ങൾക്ക് നൽകിയ വായ്പകൾ കുടിശ്ശികയായത്, ബാങ്കിന്റെ NPA വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്. ബാങ്കിന് C.D.Ratio (വായ്പാ നിക്ഷേപ അനുപാതം) കുറവായതിനാലും സിൽബന്തി ചെലവും തൻ ചെലവും വർദ്ധിച്ചതും ബാങ്കിന്റെ സഞ്ചിത നഷ്ടം വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്. |
| (സി) സംസ്ഥാന സഹകരണ ബാങ്കിന്റെ സഞ്ചിത നഷ്ടം വർദ്ധിച്ചത് കാരണം നബാർഡിന്റെ കാർഷിക പുനർവായ്പ ലഭ്യമാകുന്നതിന് വിഘാതമായിട്ടുണ്ടോ; | (സി) സംസ്ഥാന സഹകരണ ബാങ്കിന്റെ NPA വർദ്ധിച്ചതിനാലും റിസർവ് ബാങ്ക് നിഷ്കർഷിച്ചിട്ടുള്ള മൂലധന പര്യാപ്തത കൈവരിക്കാത്തതിനാലും 2013-14 ൽ സംസ്ഥാന സഹകരണ ബാങ്കിന്റെ പുനർവായ്പയ്ക്കുള്ള അപേക്ഷ നബാർഡ് അനുവദിക്കുകയുണ്ടായില്ല. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ ഇത് കാർഷിക മേഖലയിൽ വായ്പ നൽകുന്നതിന് പ്രതികൂലമായി ബാധിക്കുന്നത് തടയാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (ഡി) | നബാർഡിന്റെ പുനർവായ്പ ലഭിക്കാത്തത് കാർഷിക മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടില്ല. സംസ്ഥാന സഹകരണ ബാങ്ക് സ്വന്തം ഫണ്ടിൽ നിന്നും 2013-14 വർഷം 700 കോടി രൂപ കാർഷിക വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ